"ഭരണഭാഷ മാതൃഭാഷ"

ICDS- B3-4509/20

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :27.11.2020
ഇ-മെയിൽ : directorate.wcd@kerala.gov.in
ഫോൺ നം : 0471-2346534

**പരിപത്രം**

വിഷയം: വനിതാ ശിശു വകുപ്പ് -ഐ. സി ഡി എസ് -കോവിഡ്-19 -ലോക്ക്ഡൗ ൺ നിലനിൽക്കുന്നത് അങ്കണവാടി ഭക്ഷ്യധാന്യങ്ങൾ - ടേക്ക് ഹോം റേഷനായി നൽകുന്നത് സംബ:

സൂചന: വനിതാ ശിശു വികസന ഡയറക്ടറുടെ 11.3.2020, 15.04.2020, 12.05.2020, 01.06.2020, 30.06.2020 ,23.07.2020,25.08.2020,01.10.2020,28.10.20എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

കോവിഡ് വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ അങ്കണവാടികൾക്ക് അവധി പ്രഖ്യാപിച്ചതിനാൽ കുട്ടികൾക്കും ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും നൽകുന്ന ഭക്ഷണം31.03.2020 വരെ ടേക്ക് ഹോം റേഷനായി നൽകുന്നതിനും, തുടർന്ന് ലോക്ക്ഡൗൺ ദീർഘിപ്പിച്ചതിനാൽ, ഭക്ഷ്യ വിതരണത്തിൽ തടസ്സം നേരിടാതിരിക്കുന്നതിന് ഭക്ഷ്യധാന്യങ്ങൾ THR ആയി വിതരണം ചെയ്യുന്ന കാലാവധി 2020 **നവംബർ 30 വരെ** വരെ നീട്ടുന്നതിനും സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു.

കോവിഡ്-19 പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ, ഭക്ഷ്യധാന്യങ്ങൾ അങ്കണവാടികളിലൂടെ ഗുണഭോക്താക്കൾക്ക് **ഡിസംബർ 31 വരെ** THR ആയി വിതരണം ചെയ്യേണ്ടതാണ്. ഇതിൻ പ്രകാരം, ഭക്ഷ്യധാന്യ വിതരണം തടസ്സം കൂടാതെ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്. **ഭക്ഷ്യ വിതരണത്തിന്റെ വിശദാംശങ്ങൾ** ICDS CAS **ൽ** THR distribution **എന്ന** menu **വിൽ** upload **ചെയേണ്ടതുമാണ്.** THR ആയി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വിവരങ്ങൾ കൃത്യമായും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു. THR വിതരണവുമായി ബന്ധപ്പെട്ട് നാളിതുവരെ നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ഈ സർക്കുലറിനും ബാധകമായിരിക്കും

വനിതാശിശുവികസന ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ് :

1. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. സ്റ്റോക്ക് ഫയൽ
3. സ്പെയർ